(ഡി) ടി നിക്ഷേപം നടത്തുന്നതിനുമുമ്പായി വിവിധ ബാങ്കുകളുടെ പലിശ നിരക്ക് അന്വേഷിക്കുകയും ആയതിൽ കൂടിയ പലിശ നിരക്ക് തരുന്ന ബാങ്കുകളിൽ നിക്ഷേപം നടത്തുകയുമാണ് ചെയ്യുന്നത്. നബാർഡിന്റെ നിർദ്ദേശപ്രകാരം ഒരു ബാങ്കിൽതന്നെ പലിശ നിരക്ക് എത്ര കൂടിയാലും റിസ്ക് ഉള്ളതുകൊണ്ട് നിക്ഷേപിക്കാൻ പാടില്ലാത്തതാണ്. അതുകൊണ്ടാണ് പഞ്ചാബ് നാഷണൽ ബാങ്കിലും മറ്റ് ബാങ്കുകളിലുമായി മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുള്ളത്. മാത്രമല്ല ടി നിക്ഷേപങ്ങൾ നടത്തിയതിൽ ബാങ്കിന് യാതൊരു പലിശ നഷ്ടവും വന്നിട്ടില്ല.

മുഖാമുഖം സഹകാരി ജനസമ്പർക്ക പരിപാടി

91 (4673) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ മുഖാമുഖം സഹകാരി ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചത് ; വിശദമാക്കുമോ ;

(ഡി) ഇതുവഴി സഹകരണമേഖല എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സഹകാരി സമ്പർക്ക പരിപാടി മുഖാമുഖം-2013 എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്.

(ബി) സഹകരണ മേഖലയും സഹകരണ സംഘങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുക, സഹകരണ മേഖലയുടെ വികസനത്തിന് ഉതകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുക, സഹകരണ വകുപ്പും സഹകരണ സംഘങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക, സഹകാരികൾക്ക് അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുക എന്നിവയാണ് സഹകാരി ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർ, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ, സംഘം പ്രസിഡന്റ്, പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ ഭാരവാഹികൾ, സഹകരണ സംഘം ജീവനക്കാരുടെ സംഘടനകളുടെ ഭാരവാഹികൾ എന്നിവർക്ക് പുറമെ, ജില്ലയിലെ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാരും സഹകാരി സമ്പർക്ക പരിപാടിയിൽ സഹകരിച്ചിട്ടുണ്ട്.

(ഡി) സഹകരണ മേഖല അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങളും, സഹകരണ മേഖലയിലെ ഓരോ സെക്ടറും നേരിടുന്ന പ്രശ്നങ്ങളും സഹകരണ സംഘങ്ങളും സഹകരണ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളും സഹകാരി സമ്പർക്ക പരിപാടിയിൽ ചർച്ച ചെയ്യുക എന്നതാണ് പ്രധാന നേട്ടം. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്.

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

92 (4674) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളുടെ വർദ്ധനവിനനുസരിച്ച് ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. സഹകരണ സംഘങ്ങളുടെ വർദ്ധനവിനനുസരിച്ച് ജീവനക്കാരുടെ ജോലിഭാരത്തെക്കുറിച്ച് പഠനം നടത്തി ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

(ബി) 430. ജില്ല തിരിച്ചുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	-	28
കൊല്ലം	-	6
ആലപ്പുഴ	-	29
പത്തനംതിട്ട	-	17

LIBRARY ARCHIVES Kerala Legislative Assembly